**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2334** **30-09-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് ഭക്ഷ്യധാന്യ വിതരണം നടത്തണമെന്ന് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതനുസരിച്ച് സംസ്ഥാനത്ത് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | NFSA ആക്ട് 2013, TPDS കൺട്രോൾ ഓർഡർ 2015 എന്നിവ പ്രകാരം ഓരോ സംസ്ഥാനത്തിനും പൊതുവിതരണ സംവിധാനം വഴിയുള്ള ഭക്ഷ്യധാന്യങ്ങൾക്ക് അർഹതയുള്ള ജനസംഖ്യയുടെ ശതമാനം നിശ്ചയിച്ചിട്ടുണ്ട്. TPDS കൺട്രോൾ ഓർഡർ 2015 അനുബന്ധം (1) പ്രകാരം കേരളത്തിൽ ഗ്രാമീണ ജനസംഖ്യയുടെ 52.63%-വും നഗര ജനസംഖ്യയുടെ 39.57% - വും പൊതുവിതരണ സംവിധാനത്തിൽ ഉൾപ്പെടുത്തണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. NFSA പ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച അർഹരായ ഗുണഭോക്താക്കളുടെ എണ്ണം 1,54,80,040 ആയി നിജപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക ഗ്രാമീണ /നഗര തുടർച്ച സ്വഭാവം കണക്കിലെടുത്ത്, ഗ്രാമീണ/നഗര വിഭജനം പരിഗണിക്കാതെ, മൊത്തം ജനസംഖ്യയുടെ 46.36% NFSA യുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച് നൽകിയിട്ടുള്ള, മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള അംഗങ്ങളുടെ പരിധി 1,54,80,040 ആണ്. 2011 സെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പരിധി നിശ്ചയിച്ചിട്ടുള്ളത്. നിലവിലെ ജനസംഖ്യ വർദ്ധനയ്ക്ക് ആനുപാതികമായി കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളുടെ മുൻഗണനാ പരിധി നിശ്ചയിക്കപ്പെടാത്തതിനാൽ എല്ലാ കുടുംബങ്ങളെയും മുൻഗണനാ പരിധിയിൽ കൊണ്ടുവരുന്നതിന് കഴിയില്ല. എങ്കിലും സർക്കാരിന്റെ ഫലപ്രദമായ ഇടപെടലിലൂടെ അർഹരായ എല്ലാ കുടുംബങ്ങളെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് |

| | | | |
|---|---|---|---|
| | | | കഴിഞ്ഞിട്ടുണ്ട് . ഭക്ഷ്യ ഭദ്രതാ നിയമം-2013 ന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച TPDS control order 2015 പ്രകാരം മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് അനുമതി നൽകിയിരുന്നു. ഈ അധികാരം ഉപയോഗിച്ച് NFSA സ്റ്റേറ്റ് റൂൾ 2018 പ്രകാരം സംസ്ഥാനം മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും അർഹരായ കുടുംബങ്ങളെ മുൻഗണനാ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായി കണക്കാക്കി നടപടി കൈക്കൊണ്ട് വരുന്നതിനാൽ അനർഹരെ ഒഴിവാക്കുന്നതിനും അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും കഴിയുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി അനുവദിച്ചതും തരം മാറ്റി നല്കിയതും ഉൾപ്പെടെ 6,40,786 മുൻഗണനാ കാർഡുകൾ ഇതിനോടകം അനുവദിച്ചിട്ടുണ്ട്. |
| (ബി) | തെരുവോരങ്ങളിൽ അധിവസിക്കുന്നവർക്കും വാടക വീടുകളിൽ മാറിമാറിത്താമസിക്കുന്നവർക്കും റേഷൻകാർഡ് ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് വാടകവീടുകളിൽ താമസിക്കുന്നവർക്കും റേഷൻകാർഡ് അനുവദിച്ച് റേഷൻ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനായി, സാധുവായ വാടകക്കരാറോ കെട്ടിട ഉടമയുടെ സമ്മതപത്രമോ ഇല്ലാതെ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന പരിഗണിച്ച്, അപേക്ഷകന്റെയും കാർഡിൽ ഉൾപ്പെടുന്ന മറ്റ് അംഗങ്ങളുടെയും ആധാർ കാർഡ് പരിശോധന നടത്തി നിലവിൽ മറ്റൊരു റേഷൻകാർഡിലും ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പ വരുത്തിയശേഷം റേഷൻകാർഡ് അനുവദിക്കുന്നതിന് സ.ഉ.(സാധാ) നം. 389/2021/ ഭ.പൊ.വി.വ തീയതി, 01/10/2021 പ്രകാരം സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. ഇപ്രകാരം അനുവദിക്കുന്ന റേഷൻകാർഡ്, റേഷൻ ആനുകൂല്യങ്ങൾക്കല്ലാതെ തിരിച്ചറിയൽ രേഖയായോ മറ്റ് ആനുകൂല്യങ്ങൾക്കായോ അവകാശവാദങ്ങൾക്കുള്ള രേഖയായോ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.<br><br>സർക്കാരിന്റെ, "എല്ലാവർക്കും റേഷൻ കാർഡ്" എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി റെയിൽ പരിസരത്തും റോഡ് വക്കിലും പുറമ്പോക്ക് ഭൂമിയിലും കുടിൽ കെട്ടി താമസിക്കുന്നവരെ കണ്ടെത്തി അവർക്ക് വീട്ട് നമ്പർ ഇല്ലെങ്കിൽ തൽസ്ഥാനത്ത് '00' എന്ന് രേഖപ്പെടുത്തി റേഷൻ കാർഡുകൾ നൽകുന്ന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് എത്ര പുതിയ റേഷൻകാർഡുകൾ വിതരണം ചെയ്തിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പുതുതായി അനുവദിച്ച റേഷൻകാർഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>PHH (പിങ്ക്) കാർഡുകൾ - 1,25,326<br>NPNS (വെള്ള) കാർഡുകൾ - 4,25,298<br>NPI (ബ്രൗൺ ) കാർഡുകൾ - 8,537<br>ആകെ അനവദിച്ച പുതിയകാർഡുകൾ - 5,58,981 |
| (ഡി) | കേന്ദ്രസർക്കാർ സ്വീകരിച്ച അശാസ്ത്രീയമായ സമീപനം സംസ്ഥാനത്തെ മുൻഗണനാ കാർഡുകൾക്ക് അർഹതയുള്ളവരെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ഡി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച നൽകിയിട്ടുള്ള, മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള അംഗങ്ങളുടെ പരിധി 1,54,80,040 ആണ്. 2011 സെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പരിധി നിശ്ചയിച്ചിട്ടുള്ളത്. നിലവിലെ ജനസംഖ്യ വർധനയ്ക്ക് ആനുപാതികമായി കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുടെ മുൻഗണനാ പരിധി നിശ്ചയിക്കപ്പെടാത്തതിനാൽ എല്ലാ കുടുംബങ്ങളെയും മുൻഗണനാ പരിധിയിൽ കൊണ്ടുവരുന്നതിന് കഴിയില്ല. എങ്കിലും സർക്കാരിന്റെ ഫലപ്രദമായ ഇടപെടലിലൂടെ അർഹരായ എല്ലാ കുടുംബങ്ങളെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനു കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം - 2013 ന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച TPDS control order 2015 പ്രകാരം മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് അനുമതി നൽകിയിരുന്നു. ഈ അധികാരം ഉപയോഗിച്ച് NFSA സ്റ്റേറ്റ് റൂൾ 2018 പ്രകാരം സംസ്ഥാനം മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും അർഹരായ കുടുംബങ്ങളെ മുൻഗണനാ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായി കണക്കാക്കി നടപടി കൈക്കൊണ്ട് വരുന്നതിനാൽ അനർഹരെ ഒഴിവാക്കുന്നതിനും അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും കഴിയുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി അനുവദിച്ചതും തരം മാറ്റി നല്കിയതും ഉൾപ്പെടെ 6,40,786 മുൻഗണനാ കാർഡുകൾ അനുവദിച്ചിട്ടുണ്ട്. അർഹരായ മുൻഗണനേതര കുടുംബങ്ങൾക്ക് കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റുന്നതിന് 2025 സെപ്റ്റംബർ മാസം 20 മുതൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ